Malayalam | മലയാളം

Australian Government
Aged Care Quality and Safety Commission

Engage
*Empower*
**Safeguard**

# ഗുണനിലവാരമുള്ളതും സുരക്ഷിതവുമായ വയോജന പരിചരണത്തിനുള്ള അവകാശം നിങ്ങൾക്കുണ്ട്



**പുതിയ വയോജന പരിചരണ നിയമത്തിൽ പ്രായമായവരുടെ അവകാശങ്ങൾക്കാണ് പ്രഥമ സ്ഥാനം. ഇതിൽ വയോജനങ്ങൾക്കുള്ള അവകാശങ്ങളുടെ പ്രസ്താവന ഉൾപ്പെടുന്നു. ഈ മാറ്റങ്ങൾ 1 നവംബർ 2025 മുതൽ ആരംഭിച്ചു.**

നിങ്ങളുടെ വയോജന പരിചരണത്തിന്റെ കേന്ദ്രത്തിൽ നിങ്ങളാണ് ഉള്ളതെന്ന് ഉറപ്പാക്കാൻ അവകാശങ്ങളുടെ പ്രസ്താവന സഹായിക്കുന്നു. ഇതിൽ നിങ്ങളുടെ സംസ്കാരവും തിരിച്ചറിയൽ വിവരങ്ങളും ബഹുമാനിക്കപ്പെടാനും നിങ്ങളുടെ സമൂഹവുമായി ബന്ധം നിലനിർത്താനും ഉള്ള അവകാശം ഉൾപ്പെടുന്നു.

സുരക്ഷിതത്വം തോന്നുന്നതിനും നിങ്ങൾ ബഹുമാനിക്കപ്പെടുന്നുവെന്ന തോന്നലുണ്ടാകുന്നതിനും നിങ്ങളെ പരിപാലിക്കുന്ന ആളുകളിൽ നിന്ന് നിങ്ങൾക്ക് അന്തസ്സും ബഹുമാനവും നൽകുന്ന തരത്തിലുള്ള പെരുമാറ്റം ഉണ്ടാകുന്നതിനും നിങ്ങൾക്ക് അവകാശമുണ്ട്.

ഇതിൽ ധന സഹായം ചെയ്യപ്പെടുന്ന, ഇനിപ്പറയുന്ന കാര്യങ്ങൾ നൽകുന്ന വയോജന പരിചരണ സേവനങ്ങൾ പ്രയോജനപ്പെടുത്താനുള്ള അവകാശം ഉൾപ്പെടുന്നു:

- നിങ്ങളുടെ തിരിച്ചറിയൽ വിവരങ്ങളും സംസ്കാരവും പശ്ചാത്തലവും വിലമതിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക
- ഏതെങ്കിലും തരത്തിലുള്ള ട്രോമ ഉൾപ്പെടെ നിങ്ങളുടെ അനുഭവത്തെ ബഹുമാനിക്കുക
- പ്രയോജനപ്പെടുത്താവുന്നതും നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതും
- അക്രമത്തിൽ നിന്നും ദുരുപയോഗത്തിൽ നിന്നും അവഗണനയിൽ നിന്നും വിമുക്തം.

ഞങ്ങളുടെ വെബ്സൈറ്റിൽ അവകാശങ്ങളുടെ പ്രസ്താവനയെ കുറിച്ച് **കൂടുതലറിയുക**

## നിങ്ങളുടെ അവകാശങ്ങൾ നിലനിർത്തപ്പെടുന്നുവെന്ന് എങ്ങനെ ഉറപ്പാക്കാം

നിങ്ങളുടെ ദാതാവ് 'അവകാശങ്ങളുടെ പ്രസ്താവന' മനസ്സിലാക്കുകയും പിന്തുടരുകയും വേണം. അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, നിങ്ങളുടെ ആശങ്കയോ പരാതിയോ അവരോട് ഉന്നയിക്കാവുന്നതാണ്. പലപ്പോഴും കാര്യങ്ങൾ പരിഹരിക്കാനുള്ള ഏറ്റവും എളുപ്പവും ഏറ്റവും വേഗത്തിലുള്ളതുമായ മാർഗ്ഗമാണിത്.

തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ, രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ, പരാതികൾക്കായുള്ള കമ്മീഷണറുടെ പക്കൽ:

- **1800 951 822** എന്ന നമ്പറിൽ നിങ്ങൾക്ക് നിങ്ങളുടെ ആശങ്ക ഉന്നയിക്കുകയോ പരാതി സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.
- നിങ്ങളുടെ തലസ്ഥാന നഗരിയിൽ സ്ഥിതി ചെയ്യുന്ന Aged Care Quality and Safety Commission, GPO Box 9819
- ഓൺലൈനിൽ:www.agedcarequality.gov.au
- info@agedcarequality.gov.au

നിങ്ങൾക്ക് ഒരു ദ്വിഭാഷിയെ ആവശ്യമുണ്ടെങ്കിൽ, **1800 951 822** എന്ന നമ്പറിൽ ഞങ്ങളെ വിളിച്ച് ഒരു ദ്വിഭാഷിയെ ഏർപ്പാടാക്കാൻ ആവശ്യപ്പെടുക. ട്രാൻസ്ലേറ്റിംഗ് ആൻഡ് ഇന്റർപ്രെറ്റിംഗ് സർവീസിനെ (TIS) - **131 450** എന്ന നമ്പറിൽ വിളിച്ച് നിങ്ങൾക്കായി ഞങ്ങളെ വിളിക്കാൻ അവരോട് ആവശ്യപ്പെടാവുന്നതാണ്.

പരാതി നൽകുന്നതിനോ വിവരങ്ങൾ കണ്ടെത്തുന്നതിനോ സഹായം ആവശ്യമുണ്ടെങ്കിൽ, സൗജന്യവും സ്വതന്ത്രവും രഹസ്യാത്മകവും ആയ പിന്തുണയ്ക്കായി ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്‌വർക്കിനെ (OPAN) ബന്ധപ്പെടുക. **1800 700 600** എന്ന നമ്പറിൽ ഏജ്ഡ് കെയർ അഡ്വക്കസി ലൈനിൽ വിളിക്കുക.